# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 2635/25 തിയ്യതി : 05.06.2025

**ഹാജർ**

| | | |
|---|---|---|
| ടി.എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ.അസിയ.പി.കെ | - | മെമ്പർ |

സുരേഷ്. കെ. ആർ.
കൺസ്യൂമർ നമ്പർ - 15485 - C പരാതിക്കാരൻ
പൂങ്കുന്നം.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

പിഴ കൂടാതെ ബിൽ തുക അടവാക്കാനുള്ള തിയ്യതിക്കു മുൻപ് ഓൺലൈൻ വഴി ബില്ല് അടവാക്കാൻ ശ്രമിച്ചപ്പോൾ പിഴ പലിശയായി 95/- രൂപ ബിൽ തുകയോടൊപ്പം വരുന്നു എന്നതാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

16.04.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. 27.05.2025 ന് ഫോറം ചേർന്ന് പരാതി പരിശോധിച്ചു.

**വിഷയത്തിൽ ബില്ലിംഗ് വിഭാഗം സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 15485 – C കണക്ഷന്റെ ലാസ്റ്റ് ഡേറ്റിന്റെ വർഷം 2025 നു പകരം 2024 എന്ന് ആയതുമൂലമാണ് കക്ഷിക്ക് ഇന്ററസ്റ്റ് ഉണ്ടെന്ന് ഓൺലൈനിൽ കാണിച്ചിരുന്നത്. ആയത് 2025 എന്നാക്കി പ്രശ്നം പരിഹരിച്ചിട്ടുള്ളതാണ്. കക്ഷി 15.04.2025 ന് റെസീപ്റ്റ് നം. 654931 പ്രകാരം ഇന്ററസ്റ്റ് ഇല്ലാതെ ഓൺലൈൻ ആയി പണമടവാക്കിയിട്ടുള്ളതാണ്.

**ഫോറത്തിന്റെ നിഗമനം :**

പലിശ ഒഴിവാക്കി ഉപഭോക്താവ് ബിൽ തുക അടവാക്കിയതിനാൽ പരാതി പരിഹരിച്ചതായി കാണുന്നു.

**ഉത്തരവ് നടപടികൾ :**

പരാതി പരിഹരിച്ചതായി ലൈസൻസി അറിയിച്ചതിനാൽ, പരാതി തീർപ്പാക്കി ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |